LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡിന്റെ പ്രവർത്തനം

*7 [346] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ബോർഡ് നടപ്പാക്കിവരുന്ന പദ്ധതികളും പരിപാടികളും വിശദമാക്കാമോ;

(സി) സമൂഹത്തിലെ നിർദ്ധനർക്കും ദുർബല വിഭാഗത്തിൽപ്പെടുന്നവർക്കും വനിതകൾക്കും വിധവകൾക്കും ബോർഡ് മുഖേന എന്തെല്ലാം സഹായങ്ങൾ ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബോർഡിന്റെ ഘടനയും ജീവനക്കാരെ സംബന്ധിച്ച വിവരങ്ങളും വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യമാക്കി കേന്ദ്ര സാമൂഹ്യക്ഷേമ ഉപദേശക ബോർഡ് നിർദ്ദേശിക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുക എന്നതാണ് ബോർഡിന്റെ പരമപ്രധാനമായ ലക്ഷ്യം.

(ബി) കുട്ടികൾക്കുവേണ്ടിയുള്ള ക്രഷുകൾ നടത്തുക, സ്ത്രീകൾക്കു വേണ്ടിയുള്ള മഹിളാമണ്ഡൽ പ്രോഗ്രാം, താഴ്ന്ന വരുമാനക്കാരായ പെൺകുട്ടികളെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് തയ്യാറാക്കുന്ന കണ്ടൻസ്ഡ് കോഴ്സുകൾ എന്നിവ നടത്തുക, ഫാമിലി കൗൺസലിംഗ് സെന്ററുകൾ, ഷോർട്ട് സ്റ്റേ ഹോം, വനിതാ ഹോസ്റ്റലുകൾ, വനിതാ ഹെൽപ്പ് ലൈൻ സെന്ററുകൾ എന്നിവ നടത്തുക, ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക എന്നിവയാണ് സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ.

(സി) സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ് 2003-2004-ൽ നടപ്പിൽ വരുത്തിയ പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്:

(1) ക്രഷുകൾ.—ഒരു ക്രഷിന് 18,480 രൂപ ക്രമത്തിൽ സംസ്ഥാനത്ത് 524 ബേബി ക്രഷുകൾക്ക് ധനസഹായം നൽകുന്നുണ്ട്. 13,100 കുഞ്ഞുങ്ങൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

(2) മഹിളാ മണ്ഡൽ പ്രോഗ്രാം.—34 സന്നദ്ധസംഘടനകൾക്ക് ഈ പദ്ധതിയിൻ പ്രകാരം ധനസഹായം നൽകുന്നുണ്ട്. ഏകദേശം 1200-ാളം ഗുണഭോക്താക്കൾ കുട്ടികളും സ്ത്രീകളുമാണ്.

(3) കണ്ടൻസ്ഡ് കോഴ്സ്.—പഠനം ഇടയ്ക്ക് വച്ച് നിർത്തിപ്പോകുന്ന താഴ്ന്ന വരുമാനക്കാരായ മാതാപിതാക്കളുടെ പെൺകുട്ടികളെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കു തയ്യാറാക്കുന്ന പരിപാടിയാണ്. 2003-2004 കാലയളവിൽ ഏകദേശം 325 പെൺകുട്ടികൾ ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്.

(4) ഫാമിലി കൗൺസിലിംഗ് സെന്ററുകൾ.—കേരളത്തിൽ വർദ്ധിച്ചു വരുന്ന കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 34 ഫാമിലി കൗൺസിലിംഗ് സെന്ററുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(5) ഷോർട്ട് സ്റ്റേ ഹോം.—സ്ത്രീ പീഡനങ്ങൾക്കും ബലാത്സംഗത്തിനും ഇരയായ സ്ത്രീകൾ അവരുടെ കുഞ്ഞുങ്ങൾ തുടങ്ങിയവരെ താമസിപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി കേരളത്തിൽ അഞ്ച് ഷോർട്ട് സ്റ്റേ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്.

(6) വനിതാ ഹോസ്റ്റലുകൾ.—താഴ്ന്ന വരുമാനക്കാരായിട്ടുള്ള വനിതാ ജീവനക്കാർക്കായി 10 ഹോസ്റ്റലുകൾ കേരളത്തിൽ നടത്തുന്നുണ്ട്.

(7) വനിതാ ഹെൽപ്പ് ലൈൻ.—വിവിധതരം പ്രശ്നങ്ങളാൽ വിഷമിക്കുന്ന സ്ത്രീകൾക്ക് ആവശ്യമായ കൗൺസിലിംഗുകളും മറ്റ് സഹായ സഹകരണങ്ങളും നൽകുന്നതിനുമായി രണ്ട് ഹെൽപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്.

(8) ബോധവൽക്കരണ ക്യാമ്പുകൾ.—നിയമം, ആരോഗ്യം, പരിസ്ഥിതി തുടങ്ങിയ സാമൂഹ്യ പ്രാധാന്യമുള്ള വിഷയങ്ങളിൽ സമൂഹത്തിലെ താഴെക്കിടയിലുള്ള സ്ത്രീകളെ ബോധവൽക്കരിക്കുന്നതിനായി 2003-2004 വർഷത്തിൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നതിലേയ്ക്ക് 15,00,000 രൂപ അനുവദിക്കുകയുണ്ടായി.

(ഡി) ബോർഡ് ചെയർപേഴ്സണടക്കം 24 അംഗങ്ങളുള്ളതാണ് ബോർഡ്. ബോർഡിന്റെ ഭരണം നടത്തുന്നതിനായി ചെയർപേഴ്സനെ സഹായിക്കാൻ സെക്രട്ടറിയും മറ്റ് പല തസ്തികകളിലായി ജോലി ചെയ്യുന്ന 14 ജീവനക്കാരും നിലവിലുണ്ട്. കേന്ദ്ര ബോർഡിന്റെ 5 ജീവനക്കാരും ബോർഡിൽ ജോലി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly